പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4613

18.12..2014 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>,, എം.ഹംസ<br>,, ടി.വി.രാജേഷ്<br>,, ബി.സത്യൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയമേഖലയിൽ തുടർന്നും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ എത്ര കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നറിയിക്കാമോ; | (എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ നിലവിൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കീഴിലായി 39 എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) സ്വാശ്രയമേഖലയിൽ സംസ്ഥാനത്താകെ നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ടെന്നറിയിക്കാമോ; | (ബി) സ്വാശ്രയ മേഖലയിൽ സംസ്ഥാനത്താകെ 157 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി ആകെ 58,836 സീറ്റുകൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ അദ്ധ്യയനവർഷം ഈ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | അലോട്ട്മെന്റിനുശേഷം (സ്പോട്ട് അഡ്മിഷനു മുൻപ്) സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ 12,177 സർക്കാർ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ബഹുഭൂരി ഭാഗവും മതിയായ സൗകര്യങ്ങളില്ലാതെ സജ്ജീകരിക്കപ്പെട്ടവയായതിനാൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ വൻപ്രതിസന്ധിയിലാണെന്ന കാര്യം അറിവുള്ളതാണോ; | (ഡി) & (ഇ) | അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കാരണം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്ക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കോളേജുകൾക്ക്, എം.ടെക്ക് യോഗ്യതയുള്ള കൂടുതൽ അദ്ധ്യാപകരെ നിയമിക്കുവാൻ നിർദ്ദേശം നൽകുകയും, സംസ്ഥാനത്ത് എം.ടെക്ക് യോഗ്യതയുള്ളവരുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞതിനാൽ എഞ്ചിനീയറിംഗ് പഠനത്തിൽ കൂടുതൽ വിദ്യാർത്ഥികൾ ആകൃഷ്ടരാകുന്നില്ല. ഇതിന് പുറമേ IT, Electronics എന്നീ ശാഖകളിൽ വിദ്യാർത്ഥികൾക്കുള്ള താൽപ്പര്യം കുറഞ്ഞിട്ടുമുണ്ട്. ആകയാൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. |
| (ഇ) | ചട്ടപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും യോഗ്യതയുള്ള അദ്ധ്യാപകരുടെയും കുറവും ക്രമത്തിലുമധികം സ്ഥാപനങ്ങൾക്ക് അനുമതി നൽകിയതുമാണ് ഈ പ്രതിസന്ധിക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | | |

Reefe

സെക്ഷൻ ഓഫീസർ